| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
## MIDDLE SECTION
## FINAL EXAMINATION 2017-18

## MALAYALAM-ANSWERKEY

Code:MYML04

CLASS:VII

Time Allotted: 2 ½ Hrs.

08.03.2018

Max .Marks: 80

| Qns | | Marks |
|---|---|---|
| 1. | 1.തല 2.ശബ്ദം<br>3.രണ്ടു മടങ്ങ് 4.ലോകം<br>5.സമ്മാനം | ½ x 5= 2½ |
| 2. | 1.അക്ഷി, മിഴി 2.ധര, ഉർവി<br>3.വൃക്ഷം, തരു 4.മാനം, ഗഗനം<br>5.ഭവനം, ആലയം | 1 x 5= 5 |
| 3. | 1.അശ്രദ്ധ 2.ഇക്കരെ<br>3.അഭംഗി 4.നിന്ദിച്ചു<br>5.സ്വർഗം | ½ x 5= 2½ |
| 4. | 1.സഹയാത്രികൻ 2.കർഷകൻ<br>3.നിഷേധാർഥം 4.സ്നേഹപ്രദീപം<br>5.ഒഴിയാബാധ | 1 x 5= 5 |
| 5. | 1.രാത്രി, ദു:ഖം<br>2.മുൻ കോപം, വഴക്ക് | 1 x 2= 2 |
| 6. | 1.പശു 2.കുലീന<br>3.അമ്മൂമ്മ 4.വൃദ്ധ<br>5.മകൾ | ½ x 5= 2½ |
| 7. | 1. മുണ്ഡനം<br>2. വൃന്ദം<br>3. അരിശം<br>4. കൗതുകം<br>5. പരിവേഷം | ½ x 5= 2½ |
| 8. | 1.ഒരു വിഭാഗം, ഒരിനം മരം 2.വൃത്തം, തവണ<br>3.മഴ, ആണ്ട് 4.ഒരിനം നെല്ല്, ആട്<br>5.പടം, അത്ഭുതം | 1 x 5= 5 |
| 9. | 1.ഇടിയുടെ മുഴക്കം 2.തീവണ്ടിയിലെ മുറി<br>3.അച്ഛനും അമ്മയും 4.ആരോമലായ ഉണ്ണി<br>5.രാജാവിൻെറ കൊട്ടാരം | 1 x 5= 5 |
| 10. | 1.ഗംഭീരം+ആയിരുന്നു 2.തല+അനക്കി | 1 x 4= 4 |

| | | |
|---|---|---|
| | 3.പൊട്ടി+ചിരിച്ചു 4.മൗനത്തിൽ+ഇരുന്ന | |
| 11. | 1. രാമു <u>മനസ്സില്ലാമനസ്സോടെ</u> പഠിക്കാനിരുന്നു.<br>2. അനിയൻെറ കളിപ്പാട്ടം ഞാൻ <u>കൈക്കലാക്കി.</u> | 1½ x 2= 3 |
| 12. | 1.കൊച്ചുമോൻ മുത്തശ്ശിയാൽ ചുംബിക്കപ്പെട്ടു.<br>2.കാസിം അധികാരിയാൽ ചോദ്യം ചെയ്യപ്പെട്ടു. | 1 x 2= 2 |
| 13. | 1.അന്ധൻ<br>2.മൂകൻ | ½ x 2= 1 |
| 14. | **ചേരുംപടി ചേർക്കുക**<br>1.ഒലി - ഒളപ്പമണ്ണ<br>2.വിശ്വദീപം - മേരി ജോൺ കൂത്താട്ടുകുളം<br>3.എൻെറ കുട്ടിക്കാലം - എം. കെ. ഗാന്ധി<br>4.വിദ്യാഭ്യാസ ഇൻസ്പെക്ടർ - മിസ്റ്റർ ഗയിൽസ് | 1 x 4= 4 |
| 15. | 1.ശ്രീനാരായണഗുരു<br>2.മറിയത്തിനോട്<br>3.അപ്പൂപ്പൻ<br>4.കെറ്റിൽ | 1 x 4= 4 |
| 16. | കിഴവനാണെങ്കിലുമക്കൃഷിക്കാരൻ തൻ<br>വയലിൻവരമ്പത്തു വന്നിരിക്കും<br>മക്കളെക്കണ്ടം കിളയ്ക്കുന്നതും നോക്കി<br>നട്ടുച്ചയോളം ചടഞ്ഞിരിക്കും<br>ചളിയിൽപ്പുരണ്ടുവരുന്ന കാളതൻ<br>കളിയാട്ടം കണ്ടു ചൊടിച്ചിരിക്കും<br>ഞാറു പെണ്ണുങ്ങൾ നടുമ്പോഴുമക്കരെ-<br>ച്ചേറിന്റെ ഗന്ധം ശ്വസിച്ചിരിക്കും<br>തെളിമയിൽക്കാളയും മക്കളും ചോലയിൽ-<br>ക്കുളികഴിഞ്ഞെത്തുവാൻ കാത്തിരിക്കും | 5 x 1= 5 |
| 17. | 1.ശ്രീനാരായണഗുരു<br>2.മക്കൾ<br>3ഗോശാല<br>4.കെയ്റോയിൽ<br>5.ശ്രാവണൻ | 1 x 5= 5 |
| 18. | 1.മക്കൾ, കണ്ടം കിളയ്ക്കുന്നതും നോക്കി നട്ടുച്ച വരെ തൻെറ വയലിൻെറ വരമ്പത്ത് ചടഞ്ഞിരിക്കുന്നതായിരുന്നു വൃദ്ധനായ കൃഷിക്കാരൻെറ ദിനചര്യ. | 2 x 6= 12 |

| | | |
|---|---|---|
| | 2.ജാതിയോ മതമോ നോക്കിയല്ല കർമം നോക്കിയാണ് ഒരാളെ 'നല്ല മനുഷ്യൻ' എന്ന് തീരുമാനിക്കുന്നത്."നല്ല വാക്ക്, നല്ല പ്രവൃത്തി, നല്ല ചിന്ത"– ഇതാണ് നല്ല മനുഷ്യൻെറ ലക്ഷണം<br><br>3.മാതാപിതാക്കളോടുള്ള ശ്രാവണൻെറ സ്നേഹവും ഭക്തിയും തൻെറ ജീവിതത്തിൽ മാതൃകയാക്കാൻ ഗാന്ധിജി ശ്രമിച്ചു. ഹരിശ്ചന്ദ്രൻെറ നാടകം കണ്ട ഗാന്ധി, സത്യത്തിനു വേണ്ടി എന്തു ത്യാഗവും സഹിക്കാനുള്ള തീരുമാനമെടുത്തു.<br><br>4.ഉണ്ണിയേശുവിനെ കാണാൻ ആട്ടിടയർ പുറപ്പെട്ടപ്പോൾ പ്രഭാതമായി തുടങ്ങിയിരുന്നു. ആ സമയം പൂങ്കുയിൽ കൂട്ടം പുലർകാല ഗാനം പാടുകയും കാറ്റ് പൂക്കളെ ചുംബിച്ചുണർത്തുകയും ചെയ്തു.<br><br>5.ജീവനില്ലാത്ത ഒരു കുന്നു പോലും അങ്ങോട്ട് സ്നേഹിച്ചാൽ തിരിച്ച് സ്നേഹിക്കും. അതുകൊണ്ട് നാം എല്ലാവരേയും അങ്ങോട്ട് സ്നേഹിച്ചാൽ തീർച്ചയായും സ്നേഹം ഇരട്ടിയായി തിരിച്ചുകിട്ടും. എന്ന സംഗതിയാണ് അപ്പൂപ്പൻ കൊച്ചുമോനെ ബോധ്യപ്പെടുത്തിയത്.<br>6.വീട്ടിലൊരു വിരുന്നുകാരൻ അധികകാലം തങ്ങിയാൽ ആളുകൾ പറഞ്ഞിരുന്നത് 'കാസിമിൻെറ ചെരുപ്പു പോലെ തൊലിക്കട്ടിയുള്ള വ്യക്തി' എന്നായിരുന്നു. പൊട്ടത്തമാശ പറയുന്നവരെ കുറിച്ച് 'കാസിമിൻെറ ചെരുപ്പു പോലെ വലുതാണവൻെറ ബുദ്ധി'യെന്നും പറയുമായിരുന്നു. ദഹനക്കേടിൻെറ അസുഖമുള്ളവരോട് 'കാസിമിൻെറ ചെരുപ്പു പോലുള്ള ഇറച്ചിയാണോ തിന്നതെന്ന്' ചോദിക്കുമായിരുന്നു | |
| 19. | 1. കുട്ടികളുടെ മാനസികവും വൈകാരികവും ആയ വളർച്ച ലക്ഷ്യമാക്കിയും അവരുടെ കലാഭിരുചിയെ ഏറെ പോഷിപ്പിച്ചുമാണ് കുട്ടികളുടെ നാടകവേദി കേരളത്തിൽ പ്രവർത്തിക്കുന്നത്.<br>2. ജി. ശങ്കരപ്പിള്ള.<br>3 കുട്ടികളുടെ പ്രേക്ഷകസദസ്സാണ്<br>4. കുട്ടികളുടെ സദസ്സിന് അഭിരുചിയുള്ള ഒരു നാടകം മാത്രമേ കുട്ടികളുടെ നാടകമാവൂ<br>5. കുട്ടികൾക്കു വേണ്ടി എഴുതപ്പെട്ട നാടകങ്ങൾ കുട്ടികൾ തന്നെയാണ് രംഗത്ത് അവതരിപ്പിക്കുന്നത്.<br>6. രംഗപ്രഭാത് | 5 x 1= 5 |
| 20. | 1. "വിദ്യാധനം സർവധനാൽ പ്രധാനം"<br><br>വിദ്യ ആകുന്ന ധനമാണ് മറ്റെല്ലാ ധനത്തേക്കാളും പ്രധാനമായിട്ടുള്ളത്. ലോകത്തിൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത് വിദ്യാധനമാണ്. വിദ്യ ആകുന്ന ധനം കൊണ്ട് എന്തു കാര്യവും നമുക്ക് നേടാം. എന്നാൽ മറ്റു ധനം കൊണ്ട് എല്ലാം നേടാൻ സാധിച്ചെന്നു വരില്ല. കള്ളന്മാർ മോഷ്ടിക്കാത്ത ധനമാണ് വിദ്യ. പക്ഷേ മറ്റു ധനം സൂക്ഷിക്കുന്നവർക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വരും. വിദ്യ എന്ന ധനം കൊടുക്കും തോറും വർദ്ധിക്കും. എന്നാൽ മറ്റു തരത്തിലുള്ള ധനമാണെങ്കിൽ കൊടുക്കും തോറും അതിൻെറ അളവ് കുറഞ്ഞു കൊണ്ടിരിക്കും. ചുരുക്കത്തിൽ വിദ്യ എന്ന ധനമാണ് മനുഷ്യന് ഏറ്റവും വിലപ്പെട്ടത്. വിദ്യാഹീനൻ എത്ര തന്നെ സമ്പന്നൻ ആയാലും അയാൾ സമൂഹത്തിൽ വിലമതിക്കപ്പെടുകയില്ല. അതിനാൽ വിദ്യ തന്നെ സർവധനാൽ പ്രധാനം. | 3 x 1= 3 |

2. "ചൊട്ടയിലെ ശീലം ചുടല വരെ"

ഒരു മനുഷ്യനിൽ സഹജമായി കാണുന്ന സ്വഭാവസവിശേഷതയാണ് ശീലങ്ങൾ. ബാല്യകാലത്താണ് ശീലങ്ങൾ രൂപപ്പെടുന്നത്. ഇത് നല്ല ശീലങ്ങളോ ദുഃശീലങ്ങളോ ആകാം. ഏതായാലും, ചെറുപ്പത്തിൽ വേരുറയ്ക്കുന്ന ശീലങ്ങൾ നമ്മുടെ ജീവിതകാലം മുഴുവൻ നിലനിൽക്കും. ശുചിത്വം, ആദരവ്, ധാർമികബോധം, വിനയം, ബഹുമാനം തുടങ്ങിയ നല്ല ശീലങ്ങൾ കുട്ടികൾ ബാല്യകാലത്ത് ശീലിക്കേണ്ടതാണ്. എങ്കിൽ മാത്രമേ, പിൽക്കാലത്ത് അവർ നല്ല പൗരന്മാരായി മാറുകയുള്ളൂ. തനിക്കും തന്റെ സമൂഹത്തിനും ദ്രോഹകരമായി തീരുന്ന ദുശ്ശീലങ്ങൾ കുട്ടികൾ ചെറുപ്പത്തിൽ തന്നെ ഒഴിവാക്കണം. കാരണം, ശീലങ്ങൾ ഉറച്ചുപോയാൽ പിന്നെ അത് മാറ്റാൻ പ്രയാസമാണ്. അതിനാൽ കുട്ടികൾ നല്ല ശീലങ്ങൾ സ്വായത്തമാക്കേണ്ടതാണ്.